**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 727** **24-06-2026-ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സോളാർ ഫെൻസിംഗ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** മച്ചാട് റെയിഞ്ചിലെ വാഴാനി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വലിയതോട് മുതൽ കരുമത്ര വരെ മൂന്ന് കി.മീ, ചേപ്പിലക്കാട് മുതൽ പട്ടാണിക്കാട് വരെ 5.67 കി.മീ സോളാർ ഫെൻസിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റിക്കാട് മുതൽ മേലില്ലം വരെ 10 കി.മീ സോളാർ ഫെൻസിംഗ് ഈ വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തിക്കുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** വന്യജീവി ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ സൗരോർജ്ജ വേലി സ്ഥാപിക്കുന്ന പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**മറുപടി:** വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നാളിതുവരെ 58.11 കി.മീ സോളാർ ഫെൻസിംഗ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റിക്കാട് മുതൽ മേലില്ലം വരെ 10 കി.മീ സോളാർ ഫെൻസിംഗ് പ്രവൃത്തി ഈ വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** സോളാർ ഫെൻസിംഗ് പദ്ധതി പ്രകാരം വനാതിർത്തികളിൽ സ്ഥാപിച്ച സൗരോർജ്ജ വേലിയുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

**മറുപടി:** താൽക്കാലിക വാച്ചർമാരെ ഉപയോഗിച്ച് സൗരോർജ്ജ വേലിയുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നുണ്ട്.

**(ഡി)** വന്യജീവി ആക്രമണം നേരിടുന്ന കൂടുതൽ പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ചേപ്പിലക്കാട് മുതൽ കരുമാത്ര വരെ 6.6 കി.മീ ദൂരത്തിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**